# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

തിരുവനന്തപുരം

## സ്വയം സഹായ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സി.ഡി.എസ്.കൾക്ക് അനുവദിക്കുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ മാർഗ്ഗരേഖകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1) പ്രാഥമിക അപേക്ഷാ ഫാറം കോർപ്പറേഷന്റെ www.kswdc.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ പട്ടികജാതി വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NSCFDC), (NSTFDC), (NSKFDC) എന്നീ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

I) **<u>പരമാവധി വായ്പാ തുക</u>**

| | |
|---|---|
| ഒരു സി.ഡി.എസ്. ന് | - 3 കോടി രൂപ |
| ഒരു ഗുണഭോക്താവിന് | - (NMDFC, NBCFDC, NSFDC, NSKFDC-1 ലക്ഷം രൂപ) (NSTFDC-50000/-) |

കോർപ്പറേഷനിൽ നിന്നും ഇതിന് മുമ്പ് മൈക്രോ ക്രെഡിറ്റ് വായ്പ എടുത്തിട്ടുള്ള അയൽക്കൂട്ടത്തിന്പുതിയ വായ്പയ്ക്ക് അർഹതയുണ്ട് എന്നിരുന്നാലും സി.ഡി.എസ്. ന് നൽകുന്ന ആകെ വായ്പാ തുക 3 കോടിയിൽ അധികമാകരുത്. വായ്പയുടെ തിരിച്ചടവ് കൃത്യമായി നൽകുന്നവർക്കേ തുടർ വായ്പയ്ക്ക് അർഹതയുള്ളൂ.

3) ഒരു അയൽക്കൂട്ടത്തിന് അനുവദിക്കാവുന്ന പരമാവധി വായ്പാ തുക അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിന്റെ (thrift) 5 ഇരട്ടിയിൽ നിന്നും നിലവിലുള്ള കടബാധ്യത കുറച്ചാൽ കിട്ടുന്ന തുകയുടെ 75% ത്തിൽ കൂടാൻ പാടുള്ളതല്ല. കടബാധ്യത കണക്കാക്കുന്നതിന് അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിൽ നിന്നുള്ള ആന്തരിക വായ്പ (internal lending) പരിഗണിക്കേണ്ടതില്ല.

4) **വാർഷിക പലിശ നിരക്ക്**

| കോർപ്പറേഷൻ | സി.ഡി.എസ്. | അയൽക്കൂട്ടം | തിരിച്ചടവ് |
|---|---|---|---|
| NBCFDC | 6% | 7% | 30 |
| NMDFC | 5% | 6% | 36 |
| NSFDC | 5% | 6% | 36 |
| NSTFDC | 5% | 6% | 36 |
| NSKFDC | 4% | 5% | 36 |
| General category | 7% | 8% | 36 |

5) തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.

6) (എ) NBCFDC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 60% അംഗങ്ങളെങ്കിലും മറ്റ് പിന്നോക്ക (ഒ.ബി.സി) വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

(ബി) NMDFC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. (ക്രിസ്ത്യൻ/മുസ്ലീം/സിക്ക്/ബുദ്ധ/പാഴ്സി/ ജൈന) അയൽക്കൂട്ടത്തിൽ നിന്നും വായ്പാ വിതരണത്തിന്തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 75% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. എന്നാൽ NMDFC പദ്ധതി പ്രകാരം സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളിൽപ്പെട്ടവർ (പട്ടിക ജാതി/പട്ടിക വർഗ്ഗ/ഒ.ബി.സി./വികലാംഗർ) കൂടുതലുള്ള അയൽക്കൂട്ടങ്ങളിലെ ആകെ അംഗങ്ങളിലും വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 60% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ പരിഗണിക്കാവുന്നതാണ്. എന്നാൽ ഇത്തരം അയൽക്കൂട്ടങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് പുറമേ പട്ടിക ജാതി/പട്ടിക വർഗ്ഗ/ഒ.ബി.സി./വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.

(സി) NSFDC യുടെ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% എങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളായിരിക്കണം.

7) (എ) NBCFDC, NSFDC, NSTFDC എന്നീ പദ്ധതി പ്രകാരം പരമാവധി 3 ലക്ഷം വരെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

(ബി) NMDFC പദ്ധതി പ്രകാരം ക്രെഡിറ്റ് ലൈൻ I 3.00 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ. ക്രെഡിറ്റ് ലൈൻ II ൽ 8 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനം ഉള്ളവർക്ക് വായ്പ നൽകാവുന്നതാണ്.

8) വരുമാന ദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്. പരമാവധി ഗുണ ഭോക്തൃ വിഹിതം 5% ആണ്. ഗുണഭോക്തൃ വിഹിതം വ്യക്തിഗത ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചാൽ മതിയാകും.

## II. പദ്ധതി വിഹിതം

| ദേശീയ കോർപ്പറേഷൻ | വിഹിതം (കോർപ്പറേഷൻ:എസ്.സി.എ.: ഗുണഭോക്താവ്) |
|---|---|
| NBCFDC | 90:5:5 |
| NMDFC | 90:5:5 |
| NSFDC | 90:5:5 |
| NSTFDC | 100:0:0 |
| NSKFDC | 90:10:0 |
| General category | 0:95:0 |

9) സി.ഡി.എസ്. പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വായ്പ നൽകാൻ അർഹരായ അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുക്കേണ്ടതും അയൽക്കൂട്ടങ്ങൾ ഇതേ മാതൃകയിൽ വായ്പ നൽകാൻ ഉദ്ദേശിക്കുന്ന അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതു മാണ്.

10) വിശദമായ അപേക്ഷ പരിശോധിച്ച് മേഖലാ മാനേജർമാർക്ക് പ്രാഥമിക അംഗീ കാരം നൽകുന്നതാണ്. പ്രാഥമിക അംഗീകാരം ലഭിച്ചാൽ ഉടനെ സി.ഡി.എസ്.കൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ രേഖപ്പെടുത്തി അനുമതി നൽകേണ്ടതും, അവ പരിഗ ണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. അതു പോലെ തന്നെ അയൽക്കൂട്ടങ്ങൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ (അനുബന്ധം 1) വായ്പ അപേക്ഷ വാങ്ങിക്കേണ്ടതും അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനു മതി നൽകേണ്ടതുമാണ്. ടി രേഖകൾ സി.ഡി.എസ്. സൂക്ഷിക്കേണ്ടതും ഏത് ഘട്ട ത്തിനും കോർപ്പറേഷൻ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതു മാണ്.

11) പ്രാഥമിക അംഗീകാരം ലഭിച്ച് 10 ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് പദ്ധതി നിബന്ധനകൾക്ക് അനുസൃതമല്ലെങ്കിൽ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ശുപാർശ (നിശ്ചിത ഫോർമാറ്റിൽ)
- കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ഓഡിറ്റ് അക്കൗണ്ട്സ്, (ബാലൻസ് ഷീറ്റ്, P & L A/c, cash flow statement) വാർഷിക റിപ്പോർട്ട്
- സി.ഡി.എസ്. ജനറൽ ബോഡി/എക്സിക്യൂട്ടീവ് മൈക്രോ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ ചെയർപേഴ്സൺ & മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്

- രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബൈ ലോയുടെ പകർപ്പ്
- ചെയർപേഴ്സന്റെ ബയോ ഡാറ്റാ
- കമ്മറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, മേൽവിലാസവും (ഫോൺ നം. ലാന്റ് മാർക്ക് ഉൾപ്പെടെ)
- തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ KAAS ഓഡിറ്റ് റിപ്പോർട്ട്
- അൽക്കൂട്ടം സി.ഡി.എസ്.ൽ നിന്നും വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ സി.ഡി.എസ്., ചെയർപേഴ്സൺ & സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- അയൽക്കൂട്ടങ്ങളുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
- തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട്
- തെരഞ്ഞെടുക്കപ്പെട്ട അൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ (മേൽവിലാസം പ്രൂഫ് സഹിതം)
- നിർദ്ദിഷ്ഠ ഗ്രേഡിംഗ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളെ വിലയിരുത്തിയ റിപ്പോർട്ട്
- മിച്ച സമ്പാദ്യം പരിശോധിക്കുന്നതിന് സമ്പാദ്യ രജിസ്റ്ററിന്റെ സി.ഡി.എസ്. ചെയർപേഴ്സൺ & സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്

12) സമർപ്പിക്കപ്പെട്ട രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 1.50 കോടി വരെയുള്ള അപേക്ഷകൾ മേഖലാ മാനേജർക്ക് അനുമതി നൽകാവുന്നതാണ്. 1.50 കോടിക്ക് മുകളിൽ ഉള്ളത് അനുമതിക്കായി ഹെഡ് ഓഫീസിൽ മഖലാ മാനേജരുടെ ശുപാർശയോടെ അനുമതി ഉത്തരവിനായി നൽകേണ്ടതാണ്. വായ്പാ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഗുണഭോക്തൃ പട്ടിക ഭേഗദതി ചെയ്യാൻ അനുവദിക്കുന്നതല്ല.

13) സി.ഡി.എസ്. തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുമായി നിശ്ചിത ഫോർമാറ്റിൽ ഇന്റർ സെ കരാറിൽ ഏർപ്പെടേണ്ടതും ആയത് മേഖലാ ഓഫീസിൽ വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് ഹാജരാക്കേണ്ടതുമാണ്.

14) NBCFDC, NSFDC, NSKFDC, NSTFDC എന്നീ പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഗുണഭോക്തൃ പട്ടിക (ദേശീയ കോർപ്പറേഷനുകൾ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ) പി.എം.സൂരജ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനായി മുഖ്യ കാര്യാലയത്തിലേക്ക് കൈമാറേണ്ടതാണ്.

15) വായ്പാ കരാറിൽ ഏർപ്പെട്ട ശേഷം സി.ഡി.എസ്. ന് വായ്പാ തുക സി.ഡി.എസ്.ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. സി.ഡി.എസ്. 15 ദിവസത്തിനകം വായ്പാ തുക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾ 15 ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്. **സി.ഡി.എസ്.ന്റെ അന്തിമ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (ഡി.ബി.ടി) വായ്പ തുക ക്രെഡിറ്റ് ആകുന്നതിന്റെ തെളിവ് സി.ഡി.എസ്.ൽ നിന്നും സ്വീകരിക്കേണ്ടതുമാണ്.**

16) സി.ഡി.എസ്./അയൽക്കൂട്ടം എന്നിവർ വായ്പാ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വായ്പാ വിതരണം, തിരിച്ചടവ് തുടങ്ങിയ മുഴുവൻ വിശദാംശ ങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

17) വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പാ വിതരണം ചെയ്ത് 15 ദിവസത്തിനകം നിർദ്ദിഷ്ഠ മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

18) സി.ഡി.എസ്. ന് തുക ലഭിച്ച് 15 ദിവസത്തിനകം വിനിയോഗിക്കാത്ത തുക സി.ഡി. എസ്. തുകയും തുക ലഭ്യമായ ദിവസം മുതൽ വാർഷിക പലിശ 6% പിഴപലിശ സഹിതം ടി സമയ പരിധിയ്ക്ക് ശേഷം 15 ദിവസത്തിനകം കോർപ്പറേഷനിൽ തിരി ച്ചടയ്ക്കേണ്ടതാണ്.

19) പദ്ധതിയുടെ ഏത് ഘട്ടത്തിലും കോർപ്പറേഷന്റെ/ദേശീയ ഏജൻസികളുടെ ഉദ്യോ ഗസ്ഥർക്കോ അല്ലെങ്കിൽ ഇതിനായി നിയോഗിക്കുന്ന ഏജൻസികൾക്കോ ആവശ്യ മായ രേഖകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളെ നേരിൽ കണ്ട് വായ്പാ വിനിയോഗം പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

20) കോർപ്പറേഷൻ നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, പദ്ധതി മാർഗ്ഗ നിർദ്ദേശ ങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾ, വ്യക്തിഗത ഗുണഭോക്താ ക്കൾ എന്നിവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേ ണ്ടതും സി.ഡി.എസ്.ന്റെ ബാധ്യതയാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോധ്യപ്പെട്ടാൽ വായ്പയുടെ ദുർവിനിയോഗമായി കണക്കാക്കുന്നതും, ദുർവിനി യോഗപ്പെട്ട തുക വായ്പ അനുവദിക്കപ്പെട്ട തീയതി മുതൽ പ്രാബല്യത്തോടെ പദ്ധതി പ്രകാരമുള്ള പലിശയും, 6% പിഴപ്പലിശയോടു കൂടി തുക ഒന്നിച്ചോ ഗഡു ക്കളായോ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമു ണ്ടായിരിക്കുന്നതാണ്. ആവശ്യമാണെന്ന് കാണുന്നപക്ഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

21) വായ്പാ തുകയുടെ 0.25% പ്രോസസിംഗ് ഫീസായി ഈടാക്കുന്നതാണ്. എന്നാൽ പരമാവധി പ്രോസസിംഗ് ഫീസ് 5000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു സി. ഡി.എസ്. ന് ഒന്നിലേറെ ഫണ്ടുകളിൽ നിന്നും ഒരേ ദിവസം വായ്പ അനുവദിക്കു മ്പോൾ ആകെ അനുവദിക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിൽ പ്രോസ സിംഗ് ഫീസ് കണക്കാക്കുന്നതാണ്. വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് പ്രോസസിംഗ് ഫീസും അപേക്ഷ ഫാറത്തിന്റെ വിലയായി 100 രൂപയുടെ ഒടുക്കേ ണ്ടതാണ്.

22) എല്ലാ മാസവും വായ്പാ വിതരണത്തിന് ശേഷം പദ്ധതി അടിസ്ഥാനത്തിലുള്ള എസ്.എച്ച്.ജി.യുടെ ഗുണഭോക്തൃ വിവരങ്ങൾ ധനകാര്യ കോർപ്പറേഷനുകൾ ലഭ്യ മാക്കിയിട്ടുള്ള മാതൃകയിൽ മാസ ധനവിനിയോഗ സർട്ടിഫിക്കറ്റിനോടൊപ്പം കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്. (അനുബന്ധം 2)

* * *